പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 2855 — 20/03/2015 ൽ മറുപടിയ്ക്ക്

# പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഐ. സി. ബാലകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. ഷാഫി പറമ്പിൽ: | ശ്രീ. അടൂർ പ്രകാശ്.<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാരിന്റെ കാലത്ത് എല്ലാ ജില്ലകളിലും പ്രീ റവന്യൂ സർവ്വെ അദാലത്തുകൾ സംഘടിപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) എല്ലാ ജില്ലകളിലും പ്രീ-റവന്യൂ സർവ്വേ അദാലത്തുകൾ നടത്തിയിട്ടുണ്ട്. |
| (ബി) പ്രസ്തുത സംവിധാനം മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിച്ചിരുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (ബി) 31/12/2011 വരെ കുടിശ്ശികയുള്ള ഫയലുകളിൽ കോടതി കേസുകൾ ഒഴികെയുള്ള സാധ്യമായ എല്ലാ ഫയലുകളും തീർപ്പാക്കുന്നതിനും, എൽ.ആർ.എം, മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി, എൻ.എഫ്.ബി.എസ്, പോക്കുവരവ്, ഭൂമി സംബന്ധമായ മറ്റ് വിഷയങ്ങൾ, പട്ടയം എന്നീ വിഷയങ്ങളിൽ അടിയന്തിര നടപടികൾ സ്വീകരിച്ച് ഗുണഭോക്താക്കൾക്ക് ആയതിന്റെ പ്രയോജനം ലഭ്യമാക്കുന്നതിനു വേണ്ടിയാണ് അദാലത്ത് സംഘടിപ്പിച്ചത്. |
| (സി) അദാലത്തിലൂടെ എത്ര ശതമാനം പരാതികൾ പരിഹരിച്ചു; വിശദമാക്കുമോ; | (സി) പ്രീ അദാലത്തിന്റെ ഫലമായി 5,14,581 പരാതികൾ പരിഹരിക്കപ്പെട്ടു. |
| (ഡി) പരിഹരിക്കാത്ത പരാതികളിന്മേൽ എന്തെല്ലാം തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ഡി) പരിഹരിക്കപ്പെടാത്ത പരാതികൾ ഫയൽ തീർപ്പാക്കൽ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ മാസവും നടത്തി വന്നിരുന്ന ഫയൽ അദാലത്തിലൂടെ തീർപ്പാക്കി വന്നിരുന്നതും ബാക്കിയുള്ളവ റവന്യൂ വകുപ്പ് മന്ത്രി 2015 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ നടത്തിയ റവന്യൂ- സർവ്വേ അദാലത്തിൽ ഉൾപ്പെടുത്തി പരിഹരിച്ചിട്ടുള്ളതാണ്. എന്നാൽ തീർപ്പാക്കാൻ കഴിയാത്ത ചില ഫയലുകളിൽ നടപടി തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ